പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3383 29/01/2014- ൽ മറുപടിക്ക്

## സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന മാടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിനു പുറത്തുനിന്നു മാടുകളെ കൊണ്ടുവരുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ കുളമ്പുരോഗം സ്ഥിരീകരിച്ചിട്ടുണ്ട്. രോഗം ബാധിച്ച കന്നുകാലികളെ വൻതോതിൽ കേരളത്തിലേക്ക് കൊണ്ടുവരുന്നത് കേരളത്തിൽ കുളമ്പുരോഗം പടർന്നു പിടിക്കുന്നതിന് ഇടയായ സാഹചര്യത്തിലാണ് സംസ്ഥാനത്തിനു പുറത്തുനിന്നും മാടുകളെ കൊണ്ടു വരുന്നതിന് നിരോധനം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 9/1/2014 മുതൽ കർശന പരിശോധനയ്ക്ക് വിധേയമായി തെരെഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ വഴി കേരളത്തിലേയ്ക്ക് രോഗമില്ലാത്ത കന്നുകാലികളെ കൊണ്ടുവരുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. |
| (ബി) അസുഖം ബാധിച്ചിട്ടില്ലാത്ത കാലികളെ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം ഭക്ഷ്യാവശ്യത്തിനു കൊണ്ടുവരുന്നതിന് തടസ്സമുണ്ടോ; വ്യക്തമാക്കുമോ; | |
| (സി) നിരോധനംമൂലം ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ട സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ